# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 699 — 06.02.2013ൽ മറുപടിക്ക്.

### കുറ്റ്യാടി നാളികേര പാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.കെ.ലതിക: | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) കുറ്റ്യാടി നാളികേര പാർക്ക് സംബന്ധിച്ച പ്രൊജക്ട് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) മെസ്സേഴ്സ് മഹീന്ദ്ര കൺസൾട്ടിംഗ് എൻജിനീയേഴ്സ് ലിമിറ്റഡ്, ചെന്നൈ എന്ന സ്ഥാപനത്തെ കുറ്റ്യാടി കോക്കനട്ട് ഇൻഡസ്ട്രിയൽ പാർക്കിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാനായി ചുമതലപ്പെടുത്തിയിരുന്നു. ഡി.പി.ആറിന്റെ കരട് രൂപം മഹീന്ദ്ര കൺസൾട്ടിംഗ് എൻജിനിയേഴ്സ് ലിമിറ്റഡ് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) നിർദ്ദിഷ്ട പാർക്ക് ഏത് രീതിയിൽ നടത്തുന്നതിനാണ് കെ.എസ്.ഐ.ഡി.സി. വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ;<br><br>(സി) നിർദ്ദിഷ്ട പാർക്കിനുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ? | (ബി) & (സി) സംസ്ഥാനത്ത് നാളീകേര അധിഷ്ഠിത വ്യവസായ വികസനത്തിനായി കെ.എസ്.ഐ.ഡി.സി കുറ്റ്യാടിയിൽ 115 ഏക്കർ സ്ഥലം ഏറ്റെടുത്തു. ഇതിൽ ഇൻകുബേഷൻ സെന്റർ, സബ് സ്റ്റേഷൻ, ആന്തരിക റോഡുകൾ, ജലവിതരണ സംവിധാനം എന്നിവ നിർമ്മിച്ചതിനുശേഷം പ്ലോട്ടുകൾ നാളീകേര അധിഷ്ഠിത വ്യവസായ സംരംഭകർക്ക് ലീസിന് നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇൻഫ്രാസ്ട്രക്ച്ചർ വികസനത്തിനായി എസ്റ്റിമേറ്റ് ഉണ്ടാക്കുന്നതിലേയ്ക്കായി ആർക്കിടെക്ടിനെ നിയമിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ ഉടൻ തന്നെ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ